കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# കവളങ്ങാട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-2019

ജില്ലാഓഡിറ്റ് കാര്യാലയം, എറണാകുളം
e-mail: lfadekm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഇ.കെ.എം.പി7/130/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്- 682 030
ഫോൺ : 0484 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി : 11.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
**കവളങ്ങാട് ഗ്രാമ പഞ്ചായത്ത്**

സർ,
വിഷയം : **കവളങ്ങാട്** ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേക്കും ഭാഗം 3ലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യ മായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഇ.കെ.എം.പി.7/130/2020 തിയ്യതി:11.03.2020

**എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ **കവളങ്ങാട്** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2018 മുതൽ 31.03.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വിനോദ്.കെ.കെ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21.1.2020മുതൽ 30.1.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജ്യോതിമോൻ.സി.സി. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ഹരീഷ് ബാബു.എൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.വിജു.എം.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.അനീഷ് കുമാർ.ആർ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. ബീന ബെന്നി | 01.04.2018 മുതൽ 31.3.2019 വരെ |
| | | | |

| | | | |
|---|---|---|---|
| വൈസ് പ്രസിഡന്റ് | : | ശ്രീ.എ.ജെ.ഉലഹന്നാൻ | 01.04.2018 മുതൽ 31.3.2019 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീആൻസി ബിനോയി, | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ. സൈജന്റ് ചാക്കോ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി.ഷിജി അലക്സ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ.ഷാജിമോൻ കാവു | 01.04.2018 മുതൽ 10.7.2018 വരെയും 30.7.18 മുതൽ 10.10.18 വരെയും |
| | | ശ്രീമതി.റീന വർഗ്ഗീസ്, (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 11.7.2018 മുതൽ 29.7.2018 വരെയും 11.10.2018 മുതൽ 12.11.2018 വരെയും 28.3.2019 മുതൽ 31.3.2019 വരെയും |
| | | ശ്രീമതി. കെ.എച്ച്. റുബീന | 13.11.2018 മുതൽ 27.03.2019 വരെയും |

| **ഉദ്യോഗപ്പേര്** | | | **കാലയളവ്** |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി. ഷൈലജ.കെ.പി | 01.04.2018 മുതൽ 11.5.2018 വരെ |
| | | ശ്രീ. ഹരി | 12.05.2018 മുതൽ 18.6.2018 വരെ |
| | | ശ്രീമതി. ലാലു .ഇ.ബി | 19.6.2018മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി.റീന വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി. ഉമാമഹേശ്വരി. എം.ഡി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | | ഡോ.ഷാജി പൗലോസ് | 01.04.2018 മുതൽ 31.03.2019 വരെ |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | | ഡോ.ലൂസിന | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | | ഡോ.അജി.കെ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | | ഡോ.ഷെനോജ് തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.സൈനബ.സി.എം | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നെല്ലിമറ്റം | | ശ്രീ.ബാവാസ് | 01.04.2018 മുതൽ 22.9.2018 വരെ |
| | | ശ്രീ. ദിലീപ് ,വി.എം | 23.9.2018 മുതൽ 23.1.2019 വരെ |
| | | ശ്രീ.ശിവൻ | 24.1.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , നേര്യമംഗലം | | ശ്രീ.സിറാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | | ശ്രീമതി.എലിസബത്ത് സി.ജോർജ്ജ് | 01.04.2018 മുതൽ 30.11.2018 വരെ |
| | | ശ്രീമതി.കല്യാണി സജിത്ത് | 01.12.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ. ജി.യു.പി.എസ്. കവളങ്ങാട് | | ശ്രീമതി.വത്സല.പി.കെ | 01.04.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ കുറവ് | 1-12 |
| 13 | ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കിയില്ല | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 15 | സെന്റേജ് ചാർജ് അധികം നൽകി | 1-15 |
| 16 | ആരോഗ്യജാഗ്രത പ്രവർത്തനങ്ങൾ ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-16 |
| 17 | തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റിയിട്ടില്ല | 1-17 |
| 18 | സർക്കാർ അംഗീകാരമില്ലാതെ താല്ക്കാലിക നിയമനം നടത്തുന്നു. | 1-18 |
| 19 | സാക്ഷരത തുല്യത പഠനം -അപാകത | 1-19 |
| 20 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടി വെള്ള പദ്ധതികൾക്ക് തുക നല്കി. | 1-20 |
| 21 | ജി.എസ്.ടി ബിൽ ഹാജരാക്കിയിട്ടില്ല | 1-21 |
| 22 | വാർഡ് 12 ലെ കരിമ്പുക്കണ്ടം ഹവ്വാമപ്പാറ റോഡ് കോൺക്രീറ്റിംഗ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-22 |
| 23 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. | 1-23 |
| 24 | ആദായനികുതി ഈടാക്കിയില്ല. | 1-24 |
| 25 | സാധനങ്ങളും സേവനങ്ങളും വാങ്ങിയത്-പ്രൊക്യൂർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചില്ല | 1-25 |
| 26 | എൽ ഇ ഡി ലൈറ്റ് നിർമ്മാണ പരിശീലനം-പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ | 1-26 |
| 27 | ജി.എസ്.ടി അധികമായി അടവാക്കി | 1-27 |
| 28 | മാലിന്യ സംസ്കരണം - ഹരിതകേരളമിഷൻ മാർഗ്ഗരേഖ ഉൾപ്പടെയുള്ള നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയില്ല. | 1-28 |
| 29 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- അപാകതകൾ | 1-29 |
| 30 | ആശ്രയ പ്രോജക്റ്റ്-പദ്ധതി നടപ്പാക്കിയതിലെ അപാകത | 1-30 |
| | **ഭാഗം 2** | |
| 31 | ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| | | |

| | | |
|---|---|---|
| | ഭാഗം 3 | |
| 32 | വാർഡ് 12 ലെ കരിമ്പുക്കണ്ടം ഹവ്വാമപ്പാറ റോഡ് കോൺക്രീറ്റിംഗ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 3-1 |
| 33 | വൃദ്ധർക്ക് കട്ടിൽ വിതരണം-ഉയർന്ന ടെണ്ടർ സ്വീകരിച്ചതു മൂലം നഷ്ടം | 3-2 |
| | ഭാഗം 4 | |
| 34 | വാർഷികകണക്കുകളിലെ അപാകതകൾ | 4-1 |
| 35 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 38 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 39 | സ്ഥിര നിക്ഷേപം | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 46 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 47 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 48 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 21.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 160065500 | 1670221322 |
| വാർഷിക കണക്ക് പ്രകാരം | 95236075 | 91379787 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| 2018-19 | 31.7.2019 | 18.5.19 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | വാർഷിക കണക്ക് പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2018-19 | 12.6.19,13.6.2019 | കെ.എസ്.എ-ഇ.കെ.എം(പിജി) 1227/(71)/2019/ 2.8.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20843014 |
| വരവ് | 95236075 |
| ആകെ | 116079089 |
| ചെലവ് | 91379787 |
| നീക്കിയിരിപ്പ് | 24699302 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | സർക്കാരിലേക്ക് തിരികെ | ചെലവ് ശതമാനം | നീക്കി ബാക്കി |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 00 | 21588007 | 21588007 | 18864805 | 2723202 | 87.38 | 00 |
| വികസനഫണ്ട്(എസ്.സി.പി.) | | 00 | 6703000 | 6703000 | 5851160 | 851840 | 87.29 | 00 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 00 | 1422000 | 1422000 | 857960 | 564040 | 60.33 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 00 | 10433000 | 10433000 | 5296879 | 5136121 | 50.77 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 00 | 4805000 | 4805000 | 1625795 | 3179205 | 33.83 | 00 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 00 | 12224093 | 12224093 | 8702234 | 3521859 | 71.18 | 00 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | | 1045 | 568825 | 569870 | 565859 | 00 | 99.29 | 4011 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | 00 | 11659680 | 11659680 | 2978117 | 00 | 25.54 | 8681563 |
| സാക്ഷരത | | 13089 | 62101 | 75190 | 61638 | 00 | 81.97 | 13552 |
| ട്രൈബൽ സബ് പ്ലാൻ - ബാങ്ക് | | 9715 | 344 | 10059 | 0 | 00 | 00 | 10059 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് | 788 | 2945575 | 2946363 | 2645000 | 00 | 89.77 | 301363 |
| | ജില്ലാ പഞ്ചായത്ത് | 0 | 4531700 | 4531700 | 3751700 | 00 | 82.78 | 780000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | ICDS | 1161351 | 519625 | 1680976 | 900000 | 00 | 53.54 | 780976 |
| | ടോട്ടൽ സാനിട്ടേഷൻ | 12520 | 0 | 12520 | 0 | 00 | 00 | 12520 |
| ലൈഫ് പദ്ധതി | | 0 | 10661895 | 10661895 | 10650000 | 00 | 99.88 | 11895 |
| ശുചിത്വ മിഷൻ ഗ്രാൻറ് | | 15084 | 1215200 | 1230284 | 720000 | 00 | 58.52 | 510284 |
| ബി ഫണ്ട് | | 0 | 159200 | 159200 | 159200 | 00 | 100 | 00 |
| വിമുക്തി (എക്സൈസ് ) | | 37500 | 25000 | 62500 | 20694 | 00 | 33.11 | 41806 |
| SBI-തനത് ഫണ്ട് | | 6122233 | 16709957 | 22832190 | 15606133 | 00 | 68.35 | 7226057 |
| SBI sand | | 124998 | 4432 | 129430 | 00 | 00 | 00 | 129430 |
| SBI-കറണ്ട് അക്കൗണ്ട് | | 313636 | 359481 | 673117 | 00 | 00 | 00 | 673117 |
| ഫ്ലഡ് റിലീഫ് ഫണ്ട് | | 0 | 250000 | 250000 | 250000 | 0 | 100 | 00 |
| ഗുണഭോക്തൃവിഹിതം | | 0 | 137000 | 137000 | 137000 | 0 | 100 | 00 |
| തനത് ഫണ്ട് scb | | 13031055 | 4227227 | 17258282 | 11735613 | 0 | 67.99 | 5522669 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 265 | 124962754 | 191 | 653550618 | 00 | 74 | 72.07 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1045 | 568825 | 569870 | 565859 | 4011 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 25581000 | 25581000 | 25581000 | 00 |
| ആകെ | 1045 | 26149825 | 26150870 | 26146859 | 4011 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91200 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 10465200 | 787 |
| വിധവാപെൻഷൻ | 13596100 | 1110 |
| വാർദ്ധക്യകാലപെൻഷൻ | 17139400 | 1408 |
| വികലാംഗപെൻഷൻ | 4533200 | 348 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 716000 | 58 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |
| നെല്ലുൽപാദക ബോണസ്സ് | 38000 | 69 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.1.2020.ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3619/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും മുൻകൂറായി തിയതികൾ രേഖപ്പെടുത്തി എട്ടോ പത്തോ വരികൾ ബ്ലാങ്കായി ഇട്ടുപോരുന്ന രീതിയാണ്. ഇത് ശരിയായ നടപടിയല്ല.

2. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുകയോ തിയതി രേഖപ്പെടുത്തി കൈപ്പറ്റ് രസീത് വാങ്ങുകയോ ചെയ്യുന്നില്ല. കൂടാതെ മോണിറ്ററിംഗ് റിപ്പോർട്ടിന്റെ മാതൃക ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ടെന്നല്ലാതെ മോണിറ്ററിംഗ് സമിതിയിൽപ്പെട്ട ആരും തന്നെ സാക്ഷ്യപ്പെടുത്തുന്നില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4. സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിൽ പലതിലും നികുതി ഒടുക്കുന്ന വ്യക്തികളുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ പേര് വിവരം ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഏതൊക്കെ സ്ഥാപനങ്ങളാണ് സ്ഥാപന തൊഴിൽ നികുതി അടക്കാത്തതെന്ന് നിരീക്ഷിക്കുവാൻ സാധിക്കാത്ത അവസ്ഥയാണ്.

5. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.19 | 11/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 15.1.14 – 28.1.14 | 2008-09മുതൽ 2012-13 വരെ | 12.3.2014 |

## 1-12 ക്രമവൽകരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 135(4) പ്രകാരം ഒരു കെട്ടിടത്തിന്റെ ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് നിലവിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. ചട്ടം (4) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതു പോലെ ആയിരിക്കേണ്ടതാണെന്നും, ആയതിനാൽ പെർമിറ്റ് എടുക്കാതെ കെട്ടിടത്തിന്റെ ആകെ വിസ്തൃതിയും ക്രമവത്കരണം നടത്തുന്ന സാഹചര്യത്തിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.11.2015ലെ 229813/സി3/15/ ത.സ്വ.ഭ.വ. നം. കത്ത് പ്രകാരം നിർദേശിച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ ഏതാനും കെട്ടിടങ്ങളുടെ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ ഭാഗം 2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-13 ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കിയില്ല

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നിട്ടുണ്ട്. ഇതിൻ പ്രകാരം ചട്ടം 10ലെ പട്ടിക II പ്രകാരം ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തിയിരുന്നത് മാറ്റി സ്ഥാപനങ്ങളെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കിയിട്ടുണ്ട്. എന്നാൽ, 2018-19 ലൈസൻസ് രജിസ്റ്ററും, അപേക്ഷകളും, ഫയലുകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ റിപ്പോർട്ട് ആയതിൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കിയില്ല</u>

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 06/21.01.2020) ലൈസൻസ് ഭേദഗതി ചട്ടങ്ങൾ നടപ്പാക്കൻ ഗ്രാമപഞ്ചായത്ത്

ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ആയതിനാൽ മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക IIന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തീരുമാനം എടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപെട്ട ജനങ്ങളുടെ ജീവനോ, ആരോഗ്യത്തിനോ അപകടകരമോ, അസഹ്യകരമോ ആയേക്കാവുന്ന വ്യവസായങ്ങളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങളും, നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്യുകയോ, മുതൽമുടക്കുകളിൽ നിന്ന് ലാഭം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, 2018-19 വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ഏതാനും സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

<u>1) കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല</u>

2018-19 സാമ്പത്തിക വർഷത്തിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്, | ഏറ്റെടുത്ത് നടത്തിയ പ്രവർത്തിയുടെ പ്രൊജക്ട് നം. |
|---|---|---|
| 1 | പി റ്റി പൗലോസ് | 143/18-19, 140/18-19, 244/18-19 |
| 2 | വി യു ഐസക്ക് | 129/18-19, 178/18-19, 165/18-19, 199/18-19 162/18-19, 156/18-19 |
| 3 | ബേബി പി പി | 135/18-18, 145/18-19, 166/18-19 |
| 4 | മുസ്തഫ കെ എം | 116/18-19, 187/18-19, 188/18-19, 133/18-19, 159/18-19 |
| 5 | ദീപു എം വി | 144/18-19, 154/18-19, 147/18-19, 242/18-19, 84/18-19, 247/18-19, 137/18-19 |
| 6 | പി എം ഷാജി | 172/18-19, 173/18-19,122/18-19, 252/18-19, 88/18-19, 93/18-19 |
| 7 | ബിജു കെ വർഗീസ് | 105/18-19, 101/18-19 |
| 8 | വർഗീസ്കുട്ടി എം കെ | 142/18-19, 190/18-19 |
| 9 | ഫെലിക്സ് ജോസഫ് | 125/18-19, 142/18-19, 249/18-19236/18-19 |
| 10 | പി എ ബിജുമോൻ | 181/18-19, 189/18-19, 178/18-19 |
| 11 | വിൽസൺ വി വർഗീസ് | 183/18-19, 182/18-19, 78/18-19 |
| | | |

| | | |
|---|---|---|
| 12 | ഷാജി ആൻറണി | 186/18-19, 184/18-19, 136/18-19, 164/18-19, 171/18-19, 183/18-19 |
| 13 | അഷറഫ് പി സി | 167/18-19, 127/18-19 |
| 14 | പി വി ജോർജ്ജ് | 113/18-19, 115/18-19, 102/18-19 |

2) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 സാമ്പത്തീക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | വാസ്തുശിൽപ്പ ഫർണ്ണിച്ചർ | 2 | 25 |
| 2 | ആശ ഫർണ്ണിച്ചർ | 3 | 34 |
| 3 | ഇംപീരിയൽ ഗ്രാനൈറ്റ്സ് | 16 | 6 |
| 4 | ഫിഫ ബ്രിക്ക്സ് & ബ്ലോക്ക്സ് | 86 | 5 |
| 5 | ത്രിസ്റ്റാർ ക്രിയേഷൻസ് | 133 | 7 |
| 6 | സൂപ്പർ ഹൈഡ്രോളിക് ബ്രിക്സ് | 1126 | |
| 7 | നിയാ നൈറ്റീസ് | 220 | 9 |

ഇക്കാര്യത്തിൽ വിശദീകരണം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 1/16.01.2020) മറുപടി ലഭിച്ചില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-15 സെന്റേജ് ചാർജ്ജ് അധികം നൽകി

| | |
|---|---|
| പ്രോജക്ട് | S0015/19, സ്ട്രീറ്റ് ടാപ്പ് കട്ടിംഗ് |
| അടങ്കൽ | 123000/- |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | 1)119829/- ബിൽ നം.08/18-19/26.06.18<br>2)2724/- ബിൽ നം.17/18-19/22.09.18 |

സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ താഴെപറയുന്ന ന്യൂനതകൾ കാണുന്നു. ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പ് വിച്ഛേദിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൂവാറ്റുപുഴയ്ക്ക് തുക നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് 03.05.18ൽ വാട്ടർ അതോറിറ്റിയുമായി ചമച്ച കരാർപ്രകാരം സ്ട്രീറ്റ് ടാപ്പുകൾ വിച്ഛേദിക്കുന്നതിന് തീരുമാനിക്കുകയും ആയത് നടപ്പാവാത്തതു കാരണം 07.09.2018ൽ 2.5% സെന്റേജ് ചാർജ്ജ് കൂടി നൽകാൻ പഞ്ചായത്ത് ഭരണ സമിതി 2-1-ാം നമ്പർ തീരുമാനമനുസരിച്ച് തുക നൽകുകയും ചെയ്തു. പിന്നീട് ഗ്രാമപഞ്ചായത്ത് നൽകിയ 24.09.18 ലെ കെ 3-1212/17 നമ്പർ കത്ത് പ്രകാരവും, 25.10.18ലെ കെ 3-1212/17 നമ്പർ കത്ത് പ്രകാരവും ആണ് കേരള വാട്ടർ അതോറിറ്റി ടാപ്പുകൾ വിച്ഛേദിക്കുവാൻ തീരുമാനിച്ചത്. കേരള പി.ഡബ്ല്യൂ.ഡി മാന്വൽ 1601.4 Deposit Works പ്രകാരവും, സ.ഉ(സാധാ)1069/18/ത.സ്വ.ഭ.വ, തീയതി 16.04.18 പ്രകാരവും എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ

തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. മേൽ പ്രോജക്ടിൽ താഴെപ്പറയുന്ന പ്രകാരം 12.5% സെന്റേജ് ചാർജ്ജ് നൽകിയിട്ടുണ്ട്. അധികം നല്കിയ തുക രൂ. 3064/- തിരികെ ഈടാക്കേണ്ടതാണ്.

| | സ്ട്രീറ്റ് ടാപ്പ് കട്ടിംഗ് |
|---|---|
| നികുതികൾ ഒഴികെ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയതുക | 122553 |
| നൽകിയ സെന്റേജ് ചാർജ്(12.5%) | 15319 |
| നൽകാവുന്നത്(10%) | 12255 |
| അധികം നൽകിയത് | 3064 |

3064/- രൂപ അധികം നൽകാനിടയായ സാഹചര്യം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(3/22.01.2020) മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ നിർദ്ദേശം ശ്രദ്ധയിൽപ്പെടുത്തിയിട്ടും വാട്ടർ അതോറിട്ടി നിഷേധാത്മക നിലപാട് സ്വീകരിച്ചതിനാലാണ് ആകെ 12.5% സെന്റേജ് ചാർജ്ജ് ഒടുക്കേണ്ടി വന്നതെന്നറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം ഈടാക്കിയ സെന്റേജ് ചാർജ് 3064/-രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-16 ആരോഗ്യജാഗ്രത പ്രവർത്തനങ്ങൾ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

ജില്ല ശുചിത്വമിഷൻ കോർഡിനേറ്ററുടെ 19.05.2019 ലെ സർക്കാർ ഉത്തരവ് നം 67/ഡി/18 എറണാകുളം/ എസ്.എം പ്രകാരം കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ വാർഡ് തല ആരോഗ്യജാഗ്രത പ്രവർത്തന ചെലവിലേക്കായി ഓരോ വാർഡിനും 10000/- രൂപ വീതം അനുവദിക്കുന്നതിനുവേണ്ടി 09.08.2018ലെ 513126ാം നമ്പർ ചെക്ക് പ്രകാരം 180000/-തുക മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നേരിയമംഗലത്തിന് മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ ഈ തുക വിവിധ വാർഡ് സാനിട്ടേഷൻ സമിതികൾക്ക് നൽകിയതായോ ചെലവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയതായോ കാണുന്നില്ല. എന്നാൽ ഈ ഹെഡിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന മുൻകൂർ തുകയായി ബാലൻസ് ഷീറ്റിൽ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല. മുൻകൂർ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഡെങ്കിപ്പനി പ്രതിരോധത്തിനായി 25.05.2018 ൽ 967621 ചെക്ക് നം പ്രകാരം 50000/- രൂപ മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നേരിയമംഗലത്തിന് മുൻകൂറായി നല്കിയിട്ടുണ്ട്. ആയതിന്റെയും ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കുവാനും ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 2,30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റിയിട്ടില്ല.

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കാർ ഉത്തരവ് നം 65529/ഡി.സി 3/13 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംങ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ ടെക്ക്നിക്കൽ സഹായം കെ.എസ്,ഇ,ബി നല്കുന്നതും, ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു. നഗരസഭയിലെ തെരുവ് വിളക്കുകൾ മീറ്ററിംങ് സമ്പ്രദായത്തിലേക്ക് പൂർണ്ണമായും മാറ്റുന്നതിന് ആവശ്യമായ തുക പ്രോജക്ടിൽ ഉൾപ്പെടുത്തി മുൻ സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി ക്ക് പഞ്ചായത്തിൽ നിന്ന് തുക നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കില്ല. ആയതിനാൽ പഞ്ചായത്തിലെ തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കലും തുടർനടപടികൾക്കുമായി ഒരു നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതും, തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, നോഡൽ ഓഫീസർ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടി എന്തെന്ന് വിശദീകരിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശം പാലിക്കേണ്ടതാണ്.

3) 2018-19 സാമ്പത്തിക വർഷം തെരുവ് വിളക്കിന്റെ വൈദ്യുതിച്ചാർജിനത്തിൽ പഞ്ചായത്തിൽ നിന്നും 10,21,481 /-രൂപ നല്കിയിട്ടുണ്ട്. എന്നാൽ 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം (കൈ ) 22/2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗ രേഖയിലെ 7.9.2 ൽ നഗരസഭയിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി ലൈറ്റുകൾ ആക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്നുണ്ട്. തനത് സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രോജക്ട് വെച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുവാനും, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ടിട്ടുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കുവാനും ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കൂടുതൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പിലാക്കുവാനും ആയതുമായി ബന്ധപ്പെട്ട രജിസ്റ്റർ അടുത്ത ഓഡിറ്റ് വേളയിൽ ഹാജരാക്കേണ്ടതുമാണ്.

## 1-18 സർക്കാർ അംഗീകാരമില്ലാതെ താല്ക്കാലിക നിയമനം നടത്തുന്നു.

ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ശ്രീമതി.രേഖ ടി.ജി,ക്ലാർക്കായി 01.04.2018ൽ മുതൽ ജോലി ചെയ്യുന്നതായി വൗച്ചർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നുണ്ട്. 09.07.2019ലെ സർക്കാർ ഉത്തരവ് നം (അച്ചടി) 81/2019/ധന ഉത്തരവ് പ്രകാരം സർക്കാറിന്റെ മുൻകൂർ അനുമതിയില്ലാതെ താല്ക്കാലിക നിയമനങ്ങൾ പാടുള്ളതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള പൊതുസ്ഥാപനങ്ങളിൽ, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരാത്ത ഒഴിവുകളിലേക്ക് 1959 ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ടിന് വിധേയമായി മാത്രമെ നിയമനം നടത്താവൂ. എന്നാൽ മേൽ നിയമനം സംബന്ധിച്ച് സർക്കാർ സാധൂകരണം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കുവാനും, കൂടാതെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ സ്റ്റാഫ് സ്ട്രെങ്ങ്ത്ത് സംബന്ധിച്ച വിവരവും ഓഡിറ്റിനായി ഹാജരാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും വേതനം നൽകുന്നതു സംബന്ധിച്ചും മേൽ ഉത്തരവ് പ്രകാരം ദിവസവേതന / കരാർ നിയമനങ്ങൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി മാത്രമെ നടത്താവൂ എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഈ ഉത്തരവും ഇതേത്തുടർന്ന് നിരക്ക് പരിഷ്കരിച്ച് ഇറങ്ങുന്ന ഉത്തരവുകളും ദിവസവേതന നിയമനക്കാർക്ക് ശമ്പളം നൽകുന്നതിന് മാത്രമാണ് അടിസ്ഥാനമാക്കുന്നത് എന്ന് കാണുന്നു. ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ ഒന്നും പാലിക്കപ്പെടുന്നില്ല. ആയതിനാൽ സർക്കാർ നിർദ്ദേശം അടിയന്തരമായി പാലിക്കേണ്ടതാണ്.

## 1-19 സാക്ഷരത തുല്യത പഠനം -അപാകത

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ട് പേര് | S0022/19, പത്താം തരം തുല്യതാ ഫീസ് അടവാക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്, ജി.യു.പി.സ്കൂൾ, തലക്കോട്, കവളങ്ങാട് |
| അടങ്കൽ, | 26250/- (വികസനഫണ്ട്- പൊതുവിഭാഗം) |
| ബിൽ നം./തിയതി,ചെലവ് | 01/18-19 14.02.19, 22200 |

പത്താംതരം തുല്യതാ പരീക്ഷ രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷ ഫീസ് എന്നിവ അടക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. 12 പത്താംതരം പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസുമായി 22200/- (12x1850=22200) രൂപ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്.(SBI-തിരുവനന്തപുരം, 57026986123, )പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്. സാമൂഹ്യ-സാമ്പത്തിക കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയവർക്ക് തുടർപഠനത്തിന് അവസരം ഒരുക്കുകയും, തുല്യതാ പരീക്ഷക്ക് അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. മേൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിന്റെ അഡ്മിഷൻ/ ഹാൾ ടിക്കറ്റ്, ക്ലാസ്സുകളിൽ പങ്കെടുത്തതിന്റെ അറ്റന്റൻസ് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 21.01.2020 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 1 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത രേഖകൾ ഹാജരാക്കുന്നത് വരെ ഇതിനായി ചെലവഴിച്ച 22200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടിവെള്ള പദ്ധതികൾക്ക് തുക നല്കി.

കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ 6 ഓളം കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ്, മെയിന്റനൻസ് ജോലികൾ സംബന്ധിച്ച ചെലവുകൾ വർഷങ്ങളായി പഞ്ചായത്തിൽ നിന്നുമാണ് വഹിച്ചുപോരുന്നത്. ജലസേചന പദ്ധതികളുടെയും, കുടിവെള്ള പദ്ധതികളുടെയും നിർമ്മാണം പൂർത്തിയായശേഷം തുടർ നടത്തിപ്പും, അറ്റകുറ്റപ്പണികളും കർഷക ഗ്രൂപ്പുകളും ഗുണഭോക്തൃ സമിതികളും ഏറ്റെടുക്കേണ്ടതാണെന്ന് 6.6.2002-ലെ ജി.ഒ.(എം.എസ്.)20/02/ ആസൂത്രണം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജിനത്തിൽ 666975/-രൂപ നല്കിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ പട്ടികജാതി വിഭാഗത്തിനുവേണ്ടിയുള്ളതാണോയെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/22.1.2020) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 666975/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ജി.എസ്.ടി ബിൽ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 228/19, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് എ എം സി |
| അടങ്കൽ | 45000/- |
| ചെലവ് | 1) 20000/- ( ചെക്ക് നം 2882570, തീയതി 21.06.19)<br>2) 21893/-(ചെക്ക് നം 2881527, തീയതി 10/01/19) |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാർഷിക അറ്റകുറ്റപ്പണിയ്ക്കായി ഏൽപ്പിച്ചത് -ടെണ്ടർ ക്ഷണിച്ചതിൽ കുറവ് തുക ക്വാട്ട് ചെയ്ത കച്ചേരിപ്പടിയിലെ ഗ്രീൻ ഡോട്ട് ,ഐവിഹോം എന്ന സ്ഥാപനത്തെയാണ്. എന്നാൽ സ്ഥാപനം നൽകിയ ബില്ലുകളുടെ പരിശോധനയിൽ ജി എസ് ടി ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ നിന്നും ബിൽ തുക നൽകിയിട്ടുണ്ടെങ്കിലും ജി എസ് ടി ബില്ല് ഹാജരാക്കിയിട്ടില്ല.

| നൽകിയ തുക | ജി എസ് ടി ഇനത്തിൽ ഈടാക്കിയ തുക (18%) |
|---|---|
| 41893/- | 6543/- |

ജി എസ് ടി ബിൽ ഹാജരാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ടി സ്ഥാപനം ജി.എസ്.ടി. തുക ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (5/22.01.2020) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ജി എസ് ടി ബില്ല് ഹാജരാക്കാത്ത പക്ഷം മേൽ സ്ഥാപനത്തിന് ജി എസ് ടി രജിസ്ട്രേഷൻ ഇല്ല എന്ന നിഗമനത്തിൽ ജി എസ് ടി ആയി നൽകിയ തുക മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 വാർഡ് 12 ലെ കരിമ്പുക്കണ്ടം ഹവ്വാമപ്പാറ റോഡ് കോൺക്രീറ്റിംഗ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 160/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 300000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 200000/-, തനത്- 100000/-) |
| കരാറുകാരൻ | അഷ്ലാർ ബിൽഡേഴ്സ് |
| അളവ് പുസ്തകം | 558/18-19 |
| ബിൽ നമ്പർ | 31/13.3.19- 200000<br>ചെക്ക് - 2892300/11.3.19 - 95153 |

ഈ പ്രവൃത്തിയുടെ ഒന്നാമിനമായി ചെയിനേജ് 15 മുതൽ 18 മീറ്ററും ചെയിനേജ് 44.2മീറ്റർ മുതൽ 10മീറ്ററും 2.80മീറ്റർ വീതിയിൽ ക്വാറി മക്ക് ഫില്ലിംഗ് ചെയ്തിട്ടുണ്ട്. കൂടാതെ രണ്ടാമിനമായി ഓൾഡ് റോഡ് സെക്ഷനിംഗ് താഴെ പറയുന്ന അളവിലും ചെയ്തിട്ടുണ്ട്.

ചെയിനേജ് 1.8മുതൽ - 15 x3.00

ചെയിനേജ് 33മുതൽ - 11.2 x3.00

ചെയിനേജ് 54മുതൽ - 18 x3.00

-17 x 3.00

ആകെ 89 മീറ്റർ നീളത്തിൽ ക്വാറി മക്ക് ഫില്ലിംഗ്, സെക്ഷനിംഗ് എന്നിവ ചെയ്തിട്ടുണ്ട്. ആയതിനാൽ മൂന്നാമിനമായി 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് ചെയ്യാവുന്ന അളവ് താഴെ ചേർക്കുന്നവിധം 26.14m3 മാത്രമാണ്.

28x2.8 x0.10 = 7.84m3

61x 3x 0.10=18.3m3

എന്നാൽ അളവ് പുസ്തകം പുറം 3 പ്രകാരം ഈയിനം പ്രവൃത്തി താഴെ ചേർത്തിട്ടുള്ളവിധം 27.795m3 ചെയ്യുകയും ആയത് 26.63m3 ൽ പരിമിതപ്പെടുത്തി 6541.68/m3 നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്.

28.5x 3x 0.10 =8.55m3

43.35x 3x 0.10 =13.005m3

20.8x 3x 0.10 =6.24m3 ആകെ 27.795m3മേൽ സൂചിപ്പിച്ച വിധം ഒന്നും രണ്ടും ഇനങ്ങൾ ചെയ്തതിനേക്കാൾ അധികം വീതിയിൽ മൂന്നാമിനം പ്രവൃത്തി ചെയ്യുവാൻ സാധിക്കില്ല എന്നതിനാൽ ഈയിനം അധികം

ചെയ്തതായി കാണിച്ചിട്ടുള്ള 0.49m3ന് (26.63m3-26.14m3), 6541.68/m3 നിരക്കിൽ 3205/-രൂപ അധികം നൽകിയിട്ടുണ്ട്.

അതുപോലെ നാലാമിനം പ്രവൃത്തി സിമന്റ് കോൺക്രീറ്റിംഗ് 1:2:4 അനുപാതത്തിൽ, 0.05മീറ്റർ കനത്തിൽ

28.5x 3x 0.05 =4.275m3

43.35x 3x 0.05 =6.502m3

20.8x 3x 0.05 =3.12m3 ആകെ 13.897m3 ചെയ്തത് 13.835m3 ൽ പരിമിതപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഈയിനവും താഴെ ചേർക്കുന്നവിധം 13.07m3 മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളു.

28x2.8 x0.05 = 3.92m3

61x 3x 0.05=9.15m3

നാലാമിനം പ്രവൃത്തിക്ക് 0.765m3ന്(13.835-13.07), 8008.03/m3 നിരക്കിൽ 6126രൂപ അധികം നൽകിയിട്ടുണ്ട്. ക്വാറി മക്ക് ഫില്ലിംഗ്, സെക്ഷനിംഗ് എന്നിവ ചെയ്തതിനേക്കാൾ കൂടുതൽ വീതിയിൽ കോൺക്രീറ്റിംഗ് ചെയ്തതിന് മേൽ സൂചിപ്പിച്ചവിധം അധികം നൽകിയ 9331/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ ഉദ്യോസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (7/22.1.20) മറുപടി ലഭ്യമാക്കിയില്ല.

## 1-23 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

2018-19 ൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ എഗ്രിമെന്റ് പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാതെ, നിയമാനുസരണം കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് അപേക്ഷിക്കുകയോ, കാലാവധി ദീർഘിപ്പിച്ച നൽകുകയോ ചെയ്യാതിരുന്നിട്ടും സർക്കാർ ഉത്തരവ് 13/2012/പി.ഡബ്ല്യൂ.ഡി/1.2.2012 സെക്ഷൻ 2116.1 പ്രകാരം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ട് | കരാർ തുക | കരാറുകാരൻ | എഗ്രിമെന്റ് തിയതി | പൂർത്തിയാക്കേണ്ട തിയതി | പൂർത്തിയാക്കിയ തിയതി | കാല താമസം | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|---|
| 1 | 208/19 സ്കൂളുകളിൽ വുമൺ ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം | 899957 | ഫെലിക്സ് ജോസഫ് | 9.1.18 | 8.9.18 | 22.12.18 | 15 | 13499 (1.5%) |
| ആകെ | | | | | | | | 13499 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (18/23.1.20) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധം ലിക്വിഡേറ്റഡ് ഡാമേജിനത്തിൽ നഷ്ടമായ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ആദായനികുതി ഈടാക്കിയില്ല.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്ക് കരാറുകാരന് നല്കിയ തുകയിൽ നിന്നും ആദായ

നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെച്ചേർക്കുന്നു. ആദായ നികുതി വകുപ്പ് നിയമം 194 (സി) പ്രകാരം ഇദ്ദേഹത്തിൽ നിന്ന് 1% ആദായ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് വാർഡ് നം | കരാറുകാരന്റെ പേര്, വിലാസം | എം ബുക്ക്നം | നൽകിയ തുക. | ഈടാക്കേണ്ട നികുതി (1%) |
|---|---|---|---|---|---|
| 1 | കവളങ്ങാട് എസ്.സി കോളനി പുറമ്പത്ത് റോഡ് കോൺക്രീറ്റ് വാർഡ് -3 | ശ്രീ. ഫെലിക്സ് ജോസഫ് ചെറിയകടവ് | (എം ബുക്ക് നം 274)/ MGNREGS/18-19 | 135152/- | 1352/- |
| | വില്ലാംഞ്ചിറ -കുശിര് കമ്പിലൈൻ റോഡ് കോൺക്രീറ്റ് വാർഡ് -6 | ശ്രീ.ഷാജി ആന്റെണി തളികപ്പറമ്പിൽ വീട് ഊന്നുകൽ | എം ബുക്ക് നം 271)/ MGNREGS/18-19 | 119534/- | 1195/- |
| 3 | ഊന്നുകൽ- ഈശ്വരവ്വിലാസം റോഡ് കോൺക്രീറ്റ് വാർഡ് -4 | ശ്രീ.ഷാജി ആന്റെണി തളികപ്പറമ്പിൽ വീട് ഊന്നുകൽ | എം ബുക്ക് നം 254)/ MGNREGS/18-19 | 135624/- | 1356/- |
| | | | | ആകെത്തുക | 3903/- |

പ്രസ്തുത നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 22.01.2020 ൽ നല്കിയ 12ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ബന്ധപ്പെട്ട തുക പ്രസ്തുത കരാറുകാരിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത തുക അടിയന്തരമായി ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കേണ്ടതാണ്.

## 1-25 സാധനങ്ങളും സേവനങ്ങളും വാങ്ങിയത്-പ്രൊക്യൂർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചില്ല

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ വിവിധങ്ങളായ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി ഓഡിറ്റ് വർഷത്തിൽ വൻതുക വിനിയോഗിച്ചിട്ടുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങളും ഫർണീച്ചറുകളും ഉൾപ്പെടുന്ന പ്രധാന വാങ്ങലുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് | വാങ്ങിയ ഉപകരണം/ സേവനം, എണ്ണം | ചെലവ് വിവരം | വാങ്ങിയ സ്ഥാപനം | അപാകത |
|---|---|---|---|---|---|
| സെക്രട്ടറി | വാർഡ് 10 ലെ വിവിധ സ്ഥലങ്ങളിൽ ഒക്റ്റോഗണൽ പോൾ സ്ഥാപിക്കൽ, 227/19 | ഇലക്ട്രിക്കൽ ലൈറ്റ് | രൂ.317589/-, 10/18-19, 26.06.18 | റിസ് സാഫ് ലൈറ്റിംഗ്സ്, തൊടുപുഴ | 1)ഉപകരണത്തിന്റെ ഗ്യാരന്റി സംബന്ധിച്ച വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>2)വില സംബന്ധിച്ച് മാർക്കറ്റിൽ പ്രാഥമിക അന്വേഷണം പ്രൊക്യൂർമെന്റ് കമ്മിറ്റി നടക്കാത്തതിനാൽ വില ന്യായമാണോയെന്ന് ഉറപ്പുവരുത്താനായില്ല. സാങ്കേതിക സ്വഭാവമുള്ള ഉപകരണങ്ങൾവാങ്ങുമ്പോൾ, |

| | | | | | |
|---|---|---|---|---|---|
| | | | | | ആയതിന്റെ ഗുണമേന്മ സാങ്കേതിക യോഗ്യത യുള്ളയാൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രമില്ലാതെയാണ് പണം നൽകിയിട്ടുള്ളത്. |
| സെക്രട്ടറി | എല്ലാ വാർഡിലും തെരുവ് വിളക്ക് സ്ഥാപിക്കൽ, 225/19 | എൽ ഇ ഡി ലൈറ്റ് (24Watts) | ₹1347200/-,5/18-19/26.06.18 | ക്രൂസ്, കാസർ കോഡ് | 1)പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി-2/ 44274/15 ഉത്തരവ് പ്രകാരം അടാട്ട് മാതൃകയിലുള്ള തെരുവു വിളക്ക് അറ്റകുറ്റപ്പണിക്ക് തെരുവു വിളക്കുകളുടെ പ്രവർ ത്തനം സംബന്ധിച്ച് പരാതി കൾ സ്വീകരിക്കലും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറെ നിശ്ചയിക്കേണ്ട താണ്. പരാതികൾ രജിസ്റ്റർ ചെയ്യേണ്ടതും മെയിന്റനൻസ് ടീമിന് (കരാറുകാരന് ) കൈമാറേണ്ടതുമാണ്. പരാതി പരിഹരിച്ചത് സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട താണ്. അറ്റകുറ്റപ്പണികൾ സംബന്ധിച്ച് കെഎസ്ഇബി അധികൃതരെഅറിയിക്കേണ്ടതും രേഖാമൂലമായി അനുവാദം ലഭ്യമാക്കേണ്ടതുമാണ്. പുതിയ ഉപകരണങ്ങൾ വാങ്ങുന്നത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുംസർവീസ് ചെയ്യാൻ സാധിക്കാത്ത ഉപകരണങ്ങൾ തിരികെ അൺസർവീസബിൾ സ്റ്റോക്ക് ആയി ഉൾപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം ആയത് ക്രമീകരിക്കേണ്ടതു മാണ്. മേൽ പ്രോജക്ടിന്റെ നടത്തിപ്പിൽ ഈ നിബന്ധന കൾ പാലിച്ചിട്ടില്ല.<br><br>2)സർക്കാർ ഉത്തരവ് (എം. എസ്.)1093/2017ത.സ്വ.ഭ.വ. തീ.05.04.2017 പ്രകാരം ആണ് ക്രൂസിൽ നിന്നും വിളക്കുകൾ വാങ്ങാൻ തീരുമാനിച്ചത്. ഈ ഉത്തരവിൽ KREWSന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതിലൈറ്റിംഗ് (KGL) പൂർണ്ണമായും സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ടുവാങ്ങു ന്നതിനാണ് അനുമതി നൽകി യത്. എന്നാൽ ഇൻവോയ്സി ൽ നിന്നും ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല. |
| | | | | | |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | എല്ലാ വാർഡു കളിലും തെരുവ് വിളക്ക് സ്ഥാപി ക്കൽ, 14/19 | എൽ ഇ ഡി ലൈറ്റ് (24Watts) | രൂ.1445000/-, 40/18-19, 26.03.19 | യുണൈറ്റഡ് ഇലക്ട്രി ക്കൽസ്, കൊല്ലം | 1)സ്ട്രീറ്റ് ലൈറ്റുകൾ ഒന്നിച്ച് വാങ്ങിയിരുന്നെങ്കിൽ സാമ്പത്തിക ലാഭം ഉണ്ടാകുമാ യിരുന്നു.<br><br>2)ഈ സ്ഥാപനം സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഇൻവോയ്സിൽ നിന്നും ഇവ സ്വന്തമായി നിർമ്മിച്ചതാണോ എന്ന കാര്യം വ്യക്തമാകുന്നില്ല. |
| അസി. സെക്രട്ടറി | എസ് ടി വൃദ്ധർക്ക് കട്ടിൽ, 24/19 | ആഞ്ഞിലി മരത്തിന്റെ കട്ടിൽ,14 എണ്ണം | രൂ.60060/-9/18-19, 18.01.19 | ചക്കാലയ്ക്കൽ ഫർണീച്ചർ, വണ്ണപ്പുറം (അൻവർ മീരാൻ) | 1)ഏഴ് ടെണ്ടറുകൾ ലഭിച്ച തിൽ കൂടിയ നിരക്കിൽ ക്വാട്ട് ചെയ്ത ടെണ്ടർ ആണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചത്.<br><br>2)ഒരു കട്ടിലിന് മോങ്കർബോ ക്സ് വൈറ്റില എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് 3085/- രൂപയും ചക്കാലയ്ക്കൽ ഫർണീ ച്ചർ 4290/-രൂപയുമാണ് ക്വാട്ട് ചെയ്തത്. |
| അസി. സെക്രട്ടറി | എസ് സി വൃദ്ധർക്ക് കട്ടിൽ, 23/19 | ആഞ്ഞിലി മരത്തിന്റെ കട്ടിൽ, 73 എണ്ണം | 1)രൂ171600/-8/18-19, 18.01.19<br>2)രൂ.141570/-17/18-19, 11.03.19 | ചക്കാലയ്ക്കൽ ഫർണീച്ചർ, വണ്ണപ്പുറം (അൻവർ മീരാൻ) | 1)ഏഴ് ടെണ്ടറുകൾ ലഭിച്ച തിൽ കൂടിയ നിരക്കിൽ ക്വാട്ട് ചെയ്ത ടെണ്ടർ ആണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചത്.<br><br>2)ഒരു കട്ടിലിന് മോങ്കർ ബോക്സ് വൈറ്റില എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് 3085/- രൂപയും ചക്കാലയ്ക്കൽ ഫർണീച്ചർ 4290/-രൂപയു മാണ് ക്വാട്ട് ചെയ്തത്. |
| ഐ സി ഡി എസ് സൂപ്പർ വൈസർ | വൃദ്ധർക്ക് കട്ടിൽ, 35/19 | ആഞ്ഞിലി മരത്തിന്റെ കട്ടിൽ, 108 എണ്ണം | 1)രൂ.180180/-6/18-19, 23.01.19<br>2)രൂ.141570/-11/18-19, 15.03.19<br>3)രൂ.141570/-09/18-19, 17.03.19 | ചക്കാലയ്ക്കൽ ഫർണീച്ചർ, വണ്ണപ്പുറം (അൻവർ മീരാൻ) | 1)ഏഴ് ടെണ്ടറുകൾലഭിച്ചതിൽ കൂടിയ നിരക്കിൽ ക്വാട്ട് ചെയ്ത ടെണ്ടർ ആണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചത്.<br><br>2)ഒരു കട്ടിലിന് മോങ്കർബോ ക്സ് വൈറ്റില എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് 3085/- രൂപയും ചക്കാലയ്ക്കൽ ഫർണീ ച്ചർ 4290/-രൂപയുമാണ് ക്വാട്ട് ചെയ്തത്. |

6 പ്രൊജക്ടുകൾക്കായി 3നിർവ്വഹണോദ്യോഗസ്ഥർ വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളും ഫർണ്ണിച്ചറുകളും പരിശോധിച്ചാൽ വാങ്ങൽ നടപടിക്രമം, ജി.ഒ(പി) 259/2010/LSGD തീയതി 8.11.2010 നമ്പർ പ്രകാരമുള്ള പ്രാദേശിക സർക്കാറുകൾക്കായി പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെയാണെന്ന് വ്യക്തമാകുന്നു. വാങ്ങൽ പ്രക്രിയയിലെ സുതാര്യത, സാധനങ്ങളുടേയും സേവനങ്ങളുടേയും ഗുണനിലവാരം, ഒരുമിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തികമെച്ചം തുടങ്ങി വാങ്ങൽ

നടപടിക്രമങ്ങളിൽ ഒരു സമഗ്ര വീക്ഷണം ഉറപ്പ് വരുത്തുന്ന രീതിശാസ്ത്രമാണ് മാന്വലിൽ പ്രതിപാദിക്കുന്നത്. ഇതിന്റെ സംക്ഷിപ്തം താഴെ പറയും പ്രകാരമാണ്.

1. `എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടെ പ്രൊജക്ട് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് (സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ നിയമം അനുശാസിക്കുംവിധം വാർഷിക പദ്ധതിക്ക് ഡിപിസി അംഗീകാരം വാങ്ങിയാൽ മാത്രമാണ് ഇത് സാധ്യമാകുക. അല്ലാത്ത പക്ഷം ഡിപിസി അംഗീകാരം ലഭ്യമായ ഉടനെ ആവശ്യം അറിയിക്കേണ്ടതാണ്).

2. പ്രൊക്യൂർമെന്റ് കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയും ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെയ്ത്, എണ്ണം കണക്കാക്കി, വാങ്ങുന്ന രീതി (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) തീരുമാനിക്കേണ്ടതാണ്. തീരുമാനം, അംഗീകരിച്ച പ്രൊജക്ടിലെ വാങ്ങൽ രീതിയുമായി പൊരുത്തപ്പെടേണ്ടതോ അല്ലാത്ത പക്ഷം മാന്വലിലെ രീതിശാസ്ത്രം അവലംബിക്കുന്നത് സാധ്യമാകും വിധം പ്രൊജക്ടിൽ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതാണ്)

3. പ്രൊക്യൂർമെന്റ് കമ്മിറ്റി നിർദ്ദേശിക്കുന്ന രീതിയിൽ (നേരിട്ട്,ടെണ്ടർ,മറ്റ് വിധത്തിൽ) സാധനങ്ങൾ വാങ്ങുന്നതിന്, പ്രൊക്യൂർമെന്റ് ടീം സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്ന നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ചെയ്ത് സ്ഥാപനത്തെ തെരഞ്ഞെടുക്കുക, നേരിട്ടുള്ള വാങ്ങലിന്റെ സംഗതിയിൽ സ്ഥാപനവുമായി ബന്ധപ്പെടുക തുടങ്ങിയ നടപടികൾ ഈ ടീം നടത്തുന്നു.

4. പ്രൊക്യൂർമെന്റ് ടീം തെരഞ്ഞെടുത്ത് നല്കുന്ന സ്ഥാപനത്തിൽ നിന്നും കരാർ വച്ച് , ഓർഡർ നല്കി, സാധനങ്ങൾ സ്വീകരിച്ച്, പേമെന്റ് നടത്തി, പ്രൊജക്ട് നിർവ്വഹണം പൂർത്തീകരിക്കുക എന്ന ജോലി നിർവ്വഹണോദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്

5. നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ വാങ്ങുന്ന സംഗതികളിലൊക്കെ മാന്വലിൽ നിർദ്ദേശിച്ച പ്രകാരം രൂപീകരിക്കുന്ന സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെ സാന്നിധ്യം ഉണ്ടാകേണ്ടതും, വാങ്ങൽ പ്രക്രിയ മുഴുവൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചു വേണം ഉപകരണങ്ങൾ വാങ്ങേണ്ടത്. വിവിധ നിർവ്വഹണോദ്യോഗസ്ഥർ സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിനോ നേരിട്ട് വാങ്ങുന്ന സംഗതിയിൽ സ്ഥാപനത്തെ സമീപിക്കുന്നതിനോ അനുമതി നല്കുക, ടെണ്ടർ അംഗീകരിക്കുക എന്നീ പ്രക്രിയകൾ പ്രൊക്വർമെന്റ് ചെയ്യുന്നതായാണ് മിനിട്സ് വ്യക്തമാക്കുന്നത്. മാന്വലിന്റെ അന്തസത്തയുമായി നേരിട്ട് ബന്ധമില്ലാത്ത ഈ പ്രവർത്തനം ഒഴിച്ചാൽ വാങ്ങൽ പ്രക്രിയയിൽ സുതാര്യത, സാമ്പത്തികമെച്ചം, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുന്നതിന് സ്ഥാപനം ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

മാന്വലിലെ നിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിചലനം മേല്പറഞ്ഞ വാങ്ങലുകളുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച അപാകതകൾക്കിടയാക്കി. പരമപ്രധാനമായ സുതാര്യതയും, സാമ്പത്തികമെച്ചവും വാങ്ങലുകളിൽ ഉറപ്പുവരുത്താൻ കഴിഞ്ഞില്ല എന്നതു കൂടാതെ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലും സ്ഥാപനം പരാജയപ്പെട്ടു. താഴെ പറയുന്ന വീഴ്ച ഇക്കാര്യത്തിൽ സംഭവിച്ചു.

മേല്പറഞ്ഞ ഉപകരണങ്ങളൊന്നും തന്നെ, പ്രത്യേകിച്ച് ഇലക്ട്രോണിക് ഉപകരണങ്ങൾ സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥരാരും പരിശോധിച്ചിട്ടില്ല.

<u>ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ – സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് പോർട്ടലിലൂടെയല്ല.</u>

ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രത്യേകം തയ്യാറാക്കിയ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് പോർട്ടലിലൂടെയായിരിക്കണമെന്ന് 18.11.2017ലെ എം.എസ്.നം. 24/2017/ITD നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. വിവിധ സ്ഥാപനങ്ങൾ ഇത്തരം ഉപകരണങ്ങൾ വാങ്ങുമ്പോഴുള്ള ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ കുറക്കുക, ഒന്നിച്ചു വാങ്ങുമ്പോഴുള്ള സാമ്പത്തിക മെച്ചം ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ഉറപ്പാക്കുന്നതിന് സർക്കാർ തന്നെ കെൽട്രോൺ മുഖേന ടെണ്ടർ നടത്തിയാണ് കുറഞ്ഞ വിലയിൽ മേൽ പോർട്ടൽ വഴി ഉപകരണങ്ങൾ

ലഭ്യമാക്കുന്നത്. വളരെ ലളിതമായും കുറഞ്ഞ വിലയിലും കമ്പ്യൂട്ടറുകളടക്കമുള്ള ഉപകരണങ്ങൾ പോർട്ടൽ വഴി ലഭ്യമായിരിക്കെ ഇത് പ്രൊക്യൂർമെന്റ് കമ്മിറ്റി ഉപയോഗപ്പെടുത്താത്തത് വിശദീകരിക്കേണ്ടതാണ്.

കൂടാതെ ഇനിമുതൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങലുകൾ പ്രൊക്യൂർമെന്റ് പോർട്ടൽ വഴി മാത്രമായിരിക്കണമെന്നും ഇത് പാലിക്കാതെ ടെണ്ടർ ഉൾപ്പടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് ഉപകരണങ്ങൾ വാങ്ങിയാൽ, വാങ്ങുന്ന ഇനത്തിന് പോർട്ടലിൽ ലഭ്യമായ വിലയിൽ കൂടുതൽ ചെലവുവരികയാണെങ്കിൽ അധിക തുക വാങ്ങുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണെന്ന് ഇതുമായി ബന്ധപ്പെട്ട് 18.3.19ന് ഐ ടി സെൽ- 1/26/2019/ITD നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(19/25.01.2020) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച് സാധനസാമഗ്രികൾ വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-26 എൽ ഇ ഡി ലൈറ്റ് നിർമ്മാണ പരിശീലനം-പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | ബാല പഞ്ചായത്ത് - ബാലസഭ, 53/19 |
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 40000/- ( വികസന ഫണ്ട് ) |
| ചെലവ് | 40000/-ബിൽ നം- 08/18-19, 23.02.19 |

കുട്ടികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തി അവരെ മാനസികമായി ഉത്തേജിപ്പിക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ചതാണ് ബാലപഞ്ചായത്ത്. ആയതിന്റെ ഭാഗമായി തൊഴിൽനൈപുണ്യം വികസിപ്പിക്കുവാൻ മേൽ പ്രോജക്റ്റിൽപ്പെടുത്തി 26.01.2019 ൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് സി.ഡി.എസിന്റെ ആഭിമുഖ്യത്തിൽ ബാലസഭ അംഗങ്ങളായുള്ള കുട്ടികൾക്ക് എൽ ഇ ഡി ബൾബ് നിർമിക്കുന്നതിനുള്ള ഏകദിന പരിശീലനം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ (സ്ത്രീകളുടേയും കുട്ടികളുടേയും വികസനം) 2018-19 വർഷത്തെ യോഗതീരുമാനങ്ങൾ പരിശോധിച്ചതിലൊന്നും തന്നെ കുട്ടികൾക്കായി മേൽ പരിശീലനം നൽകണമെന്ന ആവശ്യം ഉന്നയിച്ചതായി കാണുന്നില്ല. മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല. തൊഴിൽപരമായ ഉന്നതി കൈവരിക്കുക എന്നതാണ് പ്രോജക്റ്റിനാൽ ഉദ്ദേശിച്ച ഭൗതിക നേട്ടം. ആയത് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല ബാല പഞ്ചായത്ത്-ബാലസഭ എന്ന പ്രോജക്റ്റിൽപെടുത്തി കുട്ടികൾക്ക് എൽ ഇ ഡി ബൾബ് നിർമിക്കുന്നതിനുള്ള പരിശീലനം നടത്തിയതു കൊണ്ടുണ്ടായ നേട്ടവും വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(14/23.01.2020) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ മുൻപ് പ്രോജക്റ്റ് ചെയ്ത് പരിചയവും, അറിവും ഇല്ലാതിരുന്നത് കാരണമാണ് ഇത്തരത്തിൽ അപാകത വന്നത് എന്ന് അറിയിക്കുകയുണ്ടായി. കുട്ടികൾക്കായി ഇത്തരത്തിൽ ഒരു പ്രോജക്റ്റ് നടപ്പാക്കുമ്പോൾ ഏകദിന പരിശീലനം കൊണ്ട് യാതൊരുവിധ നേട്ടവും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഫലപ്രദമായി, കുട്ടികൾക്ക് അപകടമുണ്ടാകാത്തവിധം കുറ്റമറ്റ രീതിയിൽ പ്രോജക്റ്റുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ജി.എസ്.ടി അധികമായി ഒടുക്കി

| | |
|---|---|
| പ്രോജക്റ്റ് | അങ്കണവാടി അനുപൂരക പോഷകാഹാരം, 33/19 |
| അടങ്കൽ | 3000000/- |
| ചെലവ് | 1) 955028/- ( ബിൽ നം 1/18-19,തീയതി 27.09.18)<br>2) 531099/- (ബിൽ നം 3/18-19,തീയതി 26.11.18)<br>3)496805/- (ബിൽ നം 4/18-19,തീയതി 28.12.18)<br>4)403415/- (ബിൽ നം 7/18-19,തീയതി 23.02.19) |

| | |
|---|---|
| | 5)127535/- (ചെക്ക് നം 0116,തീയതി 21.03.19) |
| നിർവഹണോദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേര്യമംഗലം ഔട്ട് ലെറ്റിൽ നിന്നും പലവ്യഞ്ജനങ്ങളും,ടി എച്ച് ആർ എസ് ഭക്ഷ്യധാന്യം വെങ്ങോലയിലുള്ള എഎഎ കോമൺഫെസിലിറ്റി സെന്ററിൽ നിന്നുമാണ് വാങ്ങിയത്. 2018-19 സാമ്പത്തിക വർഷം 5%നിരക്കിലാണ് ജി.എസ്.ടി ഈടാക്കിയിട്ടുള്ളതെങ്കിലും, 2017-18 സാമ്പത്തിക വർഷം ടി എച്ച് ആർ എസ് ഭക്ഷ്യധാന്യം നൽകിയ തുകയിന്മേൽ 18% ജി.എസ്.ടി ചേർത്ത് 2018-19 ൽ എഎഎ കോമൺഫെസിലിറ്റി സെന്ററിന് കൊടുക്കുകയാണ് ചെയ്തത്. കേരള സർക്കാർ ടാക്സ് വകുപ്പിന്റെ ജി.ഒ(പി)നം.62/17/ടാക്സസ് തീയതി 30.06.2017 ഉത്തരവ് പ്രകാരം അമൃതം ഉൾപ്പെടെയുള്ള ബേബിഫുഡിന് നൽകേണ്ട ജി.എസ്.ടി 5% ആയി നിർണ്ണയിച്ചിട്ടുള്ളതാണ്. കൂടാതെ ജി.ഒ(എം.എസ്)നം.1450/18/ത.സ്വ.ഭ.വ തീയതി 19.01.17 ഉത്തരവ് പ്രകാരവും,ജി.ഒ(എം,എസ്)നം.758/18 തീയതി 21.03.18 ഉത്തരവ് പ്രകാരവും ബേബിഫുഡിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള 5% ജി.എസ്.ടിയ്ക്ക് പകരം 18% ജി.എസ്.ടി നൽകിയത് ശരിയായ നടപടിയല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| എഎഎ കോമൺഫെസിലിറ്റി സെന്ററിന് ടി എച്ച് ആർ എസ് വിതരണം ചെയ്തപ്പോൾ നൽകിയ തുക | ജി എസ് ടി ഇനത്തിൽ നൽകിയ തുക(18%) | ജി എസ് ടി ഇനത്തിൽ നൽകാവുന്ന തുക(5%) | അധികമായി നൽകിയ തുക |
|---|---|---|---|
| 61495 | 11069 | 3075 | 7994 |
| 62790 | 11302 | 3140 | 8162 |
| 64470 | 11604 | 3224 | 8380 |
| 61110 | 10998 | 3056 | 7942 |
| | | ആകെ | 32478 |

ജി എസ് ടി അധികമായി നൽകിയതിന് വിശദീകരണം നൽകേണ്ടതും ടി സ്ഥാപനം ജി.എസ്.ടി. തുക ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.15/23.01.2020)ലഭിച്ച മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരമാണ് തുക നൽകിയത് എന്ന വ്യക്തമാക്കുകയുണ്ടായി. സർക്കാർ ഉത്തരവ് ശരിയായി മനസ്സിലാക്കാതിരുന്നത് കാരണമാണ് ഇത്തരത്തിൽ അപാകത സംഭവിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അധികമായി അടവാക്കിയ തുക അടുത്ത ബില്ലിൽ ക്രമീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-28 മാലിന്യ സംസ്കരണം - ഹരിതകേരളമിഷൻ മാർഗ്ഗരേഖ ഉൾപ്പടെയുള്ള നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | മാലിന്യ നിർമ്മാർജ്ജനം ക്ലീൻ പദ്ധതി, 265/19 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| ചെലവ് വിവരം | 1)376120/- ബിൽ നം.23/18-19,18.03.19<br>2)360551/- ബിൽ നം.40/18-19,26.03.19 |

ഖരമാലിന്യമുൾപ്പടെയുള്ള മാലിന്യങ്ങളുടെ നിർമ്മാർജ്ജനം പ്രാദേശിക സർക്കാരുകളുടെ ചുമതലയാണെന്ന് പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തു കളുടെ കാര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എ) മുതൽ 219 (യു) വരെ നിയമങ്ങൾ

മേൽക്കാര്യം വിശദമാക്കുന്നു. കൂടാതെ കേന്ദ്ര സർക്കാർ 2016 ൽ പുറപ്പെടുവിച്ച താഴെ പറയുന്ന ചട്ടങ്ങളും ഇതിനനുസൃതമായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖകളും മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ പ്രാദേശിക സർക്കാരുകളുടെ ഇടപെടലിന്റെ തോത് എത്രത്തോളമെന്ന് വ്യക്തമാക്കുന്നു. കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ക്ലീൻ കേരള പദ്ധതി നടപ്പാക്കുന്നതിനായി കട്ടപ്പനയിലുള്ള എക്സ് സർവ്വീസ്- മെൻ ട്രസ്റ്റുമായി 13.12.2018 ലെ 4-ാം നമ്പർ കമ്മിറ്റി തീരുമാനമനുസരിച്ച് 10.01.2019ൽ കരാറിൽ ഏർപ്പെടുകയുണ്ടായി. ഹരിത കർമ്മ സേനാംഗങ്ങളുടെ സഹായത്തോടെ വീട്, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ഓരോ അംഗത്തിനും പ്രതിദിനം 300/-രൂപ വീതം നൽകുന്നതിനും തീരുമാനിച്ചു. ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് നൽകുന്ന ബില്ലുകൾ (ട്രസ്റ്റ് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലും) ആരോഗ്യ വിദ്യാഭ്യാസ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. എന്നാൽ എക്സ് സർവ്വീസ് മെൻ നൽകുന്ന ഫ്യുവൽ ബില്ലുകളുടെയും, വൗച്ചറുകളുടെയും, മസ്റ്റർറോളിന്റെയും അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ മാലിന്യം ശേഖരിച്ച് നീക്കം ചെയ്തതിന്റെ വിവരമോ, ഏതെങ്കിലും ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ചാണോ തുക നൽകിയത് എന്ന വിവരമോ ഉൾപ്പെടുത്തിയിട്ടില്ല.

<u>കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ</u>

1. 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ
2. 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ
3. 2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ
4. 2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ
5. 2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ
6. 2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

<u>സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ</u>

1. 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ
2. 15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

കേരളപഞ്ചായത്ത് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വം വ്യക്തമാക്കുന്നതോടൊപ്പം തന്നെ ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളുടെ ഉടമസ്ഥർക്കും താമസക്കാർക്കും മറ്റ് മാലിന്യ സൃഷ്ടാക്കൾക്കുമുള്ളമുള്ള ഉത്തരവാദിത്വങ്ങളും വിശദമാക്കുന്നു. ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നതും (സെക്ഷൻ 219A) വീട്ടുവീടാന്തരമുള്ള ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യാമെന്നതും (സെക്ഷൻ 219D) ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുകയെന്നതും (സെക്ഷൻ 219F) മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കണമെന്നതും (സെക്ഷൻ 219M) ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യം മറ്റ് സെക്ഷനുകളിൽ (219B,G,I,,K തുടങ്ങിയവ) വ്യക്തമാക്കപ്പെടുന്നു.

നിയമത്തിലെ മേൽ വ്യവസ്ഥകൾക്ക് അനുപൂരകമായ നിർദ്ദേശങ്ങൾ തന്നെയാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മേൽ ചട്ടങ്ങളിലും പ്രതിപാദിക്കുന്നത്. ഈ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതനുസരിച്ച് കേരള സർക്കാർ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ പോളിസിയും സ്ട്രാറ്റജിയും ഹരിതകേരള മിഷനിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളും ഹരിതകേരള മിഷൻ മാർഗ്ഗരേഖകളും പരിഗണിക്കുമ്പോൾ താഴെ പറയുന്ന നടപടികൾ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

1. 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിൻ കീഴിൽ സംസ്ഥാന സർക്കാരുണ്ടാക്കുന്ന പോളിസിക്കും സ്ട്രാറ്റജിക്കും അനുസൃതമായി മേൽ പോളിസി വിജ്ഞാപനം ചെയ്ത് 6 മാസത്തിനുള്ളിൽ ഒരു ഖരമാലിന്യ മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിക്കോ നൽകേണ്ടതുമാണ്. ഈ പ്ലാൻ തയ്യാറാക്കേണ്ടത് ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്.

2. മേൽചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ചു കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം 4000/-രൂപ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് .

3. ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ വീടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവു ശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

4. ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം അജൈവ മാലിന്യത്തോടുള്ള സമീപനം. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക, ഇവ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി (ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കുന്നു) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക, റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക, ഷ്രഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവർത്തികൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി. മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ് ഷോപ്പുകൾ (ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ് ചിലർക്ക് ആവശ്യം വരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം) ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

5. അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ( 10 നിർദ്ദേശങ്ങൾ) പാലിക്കേണ്ടതാണ് .

6. ക്രമ നം 3,4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട രീതിയിൽ ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതാണ്. വീടുവീടാന്തരം സന്ദർശിച്ച് ബോധവത്കരണം നടത്തുക, നിലവിലെ മാലിന്യത്തിന്റെ തോത് കണ്ടെത്തി ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തുക, നിലവിലെ സംസ്കരണ രീതി പരിശോധിക്കുക, ഉപയോഗപ്പെടുത്താവുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവ ഇവരുടെ പ്രാഥമിക കർത്തവ്യങ്ങളും അജൈവമാലിന്യങ്ങളുടെ ശേഖരണം, ഗുണഭോക്താക്കൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക, മോണിറ്ററിംഗ് നടത്തുക എന്നിവ തുടർ പ്രവർത്തനങ്ങളുമാകുന്നു. ബോധവൽക്കരണം സർവ്വേ എന്നിവയ്ക്കായി വ്യാപകമായ പ്രചരണം നല്കേണ്ടതുണ്ട്.

7. ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹായ സ്ഥാപനത്തിന്റെ സഹായം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. പ്രൊഫഷണലായി മാലിന്യപ്രശ്നം കൈകാര്യം ചെയ്തു

പരിചയമുള്ള ഇവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന സർവ്വേ നടത്തേണ്ടതും തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും. മേൽ സർവ്വേ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണത്തിനുള്ള വിശദമായ ഡി പി ആർ ഇവർ തയ്യാറാക്കേണ്ടതുണ്ട്. കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക, അവരുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്വങ്ങളിൽ പെടുന്നു.

8. നിക്ഷേപകൻ (സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്), പ്രേരണ ചെലുത്തുക (സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിന്), പദ്ധതി ആവിഷ്കാര നിർവ്വഹണം, സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിയമങ്ങൾ നടപ്പാക്കൽ, നിരീക്ഷണം എന്നീ 6 ഘടകങ്ങൾ അടങ്ങിയതാണ് സ്ഥാപനത്തിന്റെ ഉത്തരവാദിത്വം. ഹരിത കർമ്മസേനയുടെയും സഹായ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകേണ്ടതുമാണ്. കൂടാതെ സ്ഥാപന പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക എന്നതും ചുമതലയിൽപ്പെടുന്നു.

9. തദ്ദേശസ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും സമിതിയിൽ നിക്ഷിപ്തമാണ്.

10. സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ (ഡി പി ആറിൽ സൂചിപ്പിക്കുന്ന കാലയളവിനുള്ളിൽ) സീറോവെസ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക.

മേൽപ്പറഞ്ഞിട്ടുള്ളവയിൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.13/23.01.2020)ലഭിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യം ശേഖരിച്ച് നീക്കം ചെയ്തതിന്റെ വിവരവും, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് തുക നൽകിയതിന്റെ വിവരവും ഉൾപ്പെടുത്തിയ രേഖകൾ ഓഡിറ്റിന് നൽകേണ്ടതാണ്.

## 1-29 തെരുവ് വിളക്കുകൾ സ്ഥാപിയ്ക്കൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | വെള്ളാമത്ത് എസ് ടി കോളനി, നേര്യമംഗലം സെറ്റിൽമെന്റ് കോളനി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിയ്ക്കൽ, എസ് 40/19 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| കരാറുകാരന് നൽകിയ തുക | 162215/- |
| ബിൽ നമ്പർ/ തീയതി | 39/18-19, 26.03.2019 |

പഞ്ചായത്ത് ഭരണസമിതിയുടെ 04.02.2019 ലെ 1(4) തീരുമാനപ്രകാരം തെരുവ് വിളക്കുകൾ വാങ്ങുന്നതിനായി യുണൈറ്റഡ് ഇലക്ട്രിക്കൽസ്,കൊല്ലം എന്ന സ്ഥാപനത്തിന്റെ വിളക്കൊന്നിന് 2800/- രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും 02.03.2019ന് ഇത് സംബന്ധിച്ച് മേൽ സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെടുകയും ചെയ്തു. ഈ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കരാറുകാരനുമായി ഉണ്ടാക്കിയ കരാറിൽ എത്ര വിളക്കുകൾക്ക് ടെണ്ടർ അംഗീകൃത നിരക്കിൽ തുക നൽകാമെന്ന് പറയുന്നില്ല. 24Wattsന്റെ 53 LED ബൾബ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഈ പ്രോജക്ടിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലം എന്ന സ്ഥാപനത്തിന്റെ ബിൽ പ്രകാരം 148400/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത വിളക്കുകൾ സ്ഥാപിച്ചതായി കെ.എസ്.ഇ.ബിയിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിട്ടിയില്ല.

2) എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 12.03.2013ലെ 65529/DC3/12 നമ്പർ

ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതായി കാണുന്നില്ല. മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(2/22.01.2020)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ 2019-20 സാമ്പത്തിക വർഷം മീറ്ററിംഗ് നടപടികൾക്കായി പ്രോജക്ട് വച്ച് നടപ്പിലാക്കുന്നതാണെന്നും,കെ.എസ്.ഇ.ബിയിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പരാമർശങ്ങൾക്ക് മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-30 ആശ്രയ പ്രോജക്ട്-പദ്ധതി നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് | ആശ്രയ ഭക്ഷണം, 20/19 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| ചെലവ് വിവരം | 1)3,87,800/-4/18-19, 07.12.2018<br>2)70400/-18/18-19,23.02.2019 |

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ് വഴി നടപ്പിലാക്കുന്ന അഗതിരഹിതകേരളം പദ്ധതിക്ക് വേണ്ടി 2018-19 വർഷം സി.ഡി.എസ് ചെയർപേഴ്സന്റെ 23.11.2018 ലെ 152/9/CDS/18 കത്ത് പ്രകാരം ആകെ 458200/- രൂപ സി.ഡി.എസ് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം.31007231237, എസ്.ബി.ഐ,നെല്ലിമറ്റം). ഈ തുക പൂർണ്ണമായും ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആശ്രയ അക്കൌണ്ടിലെ മുൻബാക്കി | 1371321 | ആശ്രയ കിറ്റ് വിതരണം | 387200 |
| പലിശ വരവ് | 35059 | കമ്പ്യൂട്ടർമെയിന്റനൻസ് | 18240 |
| തൻവർഷത്തെ വിഹിതം (പഞ്ചായത്ത് നൽകിയത്) | 458200<br>(387800+70400) | ഹെൽത്ത് കാർഡ് ചെലവ് | 16600 |
| ഹെൽത്ത് കാർഡ് വിതരണം (പഞ്ചായത്ത് നൽകിയത്) | 16600 | ഉദ്ഘാടന ചെലവ് | 6900 |
| | | ബാങ്ക് ചാർജ്ജ് | 386 |
| ആകെ വരവ് | 1881180 | ആകെ ചെലവ് | 429326 |
| | | നീക്കിബാക്കി | 1451854 |

ഇത്തരം പ്രോജക്ടുകൾ അഗതി കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് വേണ്ടി ആവിഷ്കരിച്ചിരിക്കുന്നതാണ്. നാളിതുവരെയും മേൽ തുക മുഴുവനായും ചെലവഴിക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/25.01.2020) ലഭിച്ച മറുപടിയിൽ ആശ്രയ പദ്ധതിയിലെ ബാക്കിയുള്ള മുഴുവൻ തുകയും 2019-20 സാമ്പത്തിക വർഷം മുതൽ അഗതി രഹിത കേരളം എന്ന പദ്ധതിയിലേക്ക് ട്രാൻസ്ഫർ ചെയ്ത് ഉപയോഗിക്കുവാൻ നിർദ്ദേശം നൽകിയതുന്നു വെന്നും ആയത് അപ്രകാരം വിനിയോഗിക്കുന്നുണ്ടെന്നും അറിയിച്ചു. മേൽ അക്കൌണ്ടിലെ തുക പൂർണ്ണമായും അതത് ആവശ്യങ്ങൾക്കായി വിനിയോഗിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 135(4) പ്രകാരം ഒരു കെട്ടിടത്തിന്റെ ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് നിലവിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. ചട്ടം (4) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതു പോലെ ആയിരിക്കേണ്ടതാണെന്നും, ആയതിനാൽ പെർമിറ്റ് എടുക്കാതെ കെട്ടിടത്തിന്റെ ആകെ വിസ്തൃതിയും ക്രമവത്കരണം നടത്തുന്ന സാഹചര്യത്തിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.11.2015ലെ 229813/സി3/15/ ത.സ്വ.ഭ.വ. നം. കത്ത് പ്രകാരം നിർദേശിച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ താഴെ ചേർക്കുന്ന കെട്ടിടങ്ങളുടെ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രം നം | അപേക്ഷകൻ | കെട്ടിടത്തിന്റെ കൈവശ ഗണം, വിസ്തൃതി (ച.മീ.) | ഈടാക്കേണ്ട ഫീസ്(രാജിയാക്കൽ ഫീസും, പെർമിറ്റ് ഫീസും ഉൾപ്പെടെ) | ഈടാക്കിയ ഫീസ് (രാജിയാക്കൽ ഫീസും, പെർമിറ്റ് ഫീസും ഉൾപ്പെടെ), രസീത് നം./ തീ. | കുറവ് |
|---|---|---|---|---|---|
| 1 | റവ. ഫാദർ ജേക്കബ് തലപ്പിള്ളിൽ, സെന്റ്സെബാസ്റ്റ്യൻസ് ചർച്ച്, പുളിയൻപാറ | പാർപ്പിടേതരം, 810.40 | (810.4x5)x3 =12156 | 8105 118030101900 /24.07.18 | 4051 |
| 2 | മറി എ വി സെന്റ് ജോൺസ് മിഷൻ ചാരിറ്റബിൾ ട്രസ്റ്റ്, നമ്പൂരികുപ്പ | പാർപ്പിടം 246.02 | (246.02x3)X3 =2215 | 1480 118030102611 /03.10.18 | 735 |
| ആകെ | | | | | 4786 |

ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയതിലെ കുറവ് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 16/23.01.2020) മേൽ നിർമ്മാണങ്ങൾ ക്രമവത്കരിച്ച് നൽകുക മാത്രമാണ് ചെയ്തത് എന്നും പുതിയ പെർമിറ്റ് നൽകിയിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, പെർമിറ്റ് എടുക്കാതെ കെട്ടിടത്തിന്റെ ആകെ വിസ്തൃതിയും ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷകളിൽ രാജിയാക്കൽ ഫീസിനോടപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കേണ്ടതാണ്. ആയതിനാൽ, ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 4786/- രൂപ ബന്ധപ്പെട്ട അപേക്ഷകരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വാർഡ് 12 ലെ കരിമ്പുക്കണ്ടം ഹവ്വാമപ്പാറ റോഡ് കോൺക്രീറ്റിംഗ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 160/19 |
| നിർവ്വഹണ ഉദ്യോസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 300000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 200000, തനത്- 100000) |
| കരാറുകാരൻ | അഷ്ലാർ ബിൽഡേഴ്സ് |
| അളവ് പുസ്തകം | 558/18-19 |
| ബിൽ നമ്പർ | 31/13.3.19- 200000<br>ചെക്ക് - 2892300/11.3.19 - 95153 |

ഈ പ്രവൃത്തിയുടെ ഒന്നാമിനമായി ചെയിനേജ് 15 മുതൽ 18 മീറ്ററും ചെയിനേജ് 44.2മീറ്റർ മുതൽ 10മീറ്ററും 2.80മീറ്റർ വീതിയിൽ ക്വാറി മക്ക് ഫില്ലിംഗ് ചെയ്തിട്ടുണ്ട്. കൂടാതെ രണ്ടാമിനമായി ഓൾഡ് റോഡ് സെക്ഷനിംഗ് താഴെ പറയുന്ന അളവിലും ചെയ്തിട്ടുണ്ട്.

ചെയിനേജ് 1.8മുതൽ - 15 x3.00

ചെയിനേജ് 33മുതൽ - 11.2 x3.00

ചെയിനേജ് 54മുതൽ - 18 x3.00

-17 x 3.00

ആകെ 89 മീറ്റർ നീളത്തിൽ ക്വാറി മക്ക് ഫില്ലിംഗ്, സെക്ഷനിംഗ് എന്നിവ ചെയ്തിട്ടുണ്ട്. ആയതിനാൽ മൂന്നാമിനമായി 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് ചെയ്യാവുന്ന അളവ് താഴെ ചേർക്കുന്നവിധം 26.14m3 മാത്രമാണ്.

28x2.8 x0.10 = 7.84m3

61x 3x 0.10=18.3m3

എന്നാൽ അളവ് പുസ്തകം പുറം 3 പ്രകാരം ഈയിനം പ്രവൃത്തി താഴെ ചേർത്തിട്ടുള്ളവിധം 27.795m3 ചെയ്യുകയും ആയത് 26.63m3 ൽ പരിമിതപ്പെടുത്തി 6541.68/m3 നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്.

28.5x 3x 0.10 =8.55m3

43.35x 3x 0.10 =13.005m3

20.8x 3x 0.10 =6.24m3 ആകെ 27.795m3മേൽ സൂചിപ്പിച്ച വിധം ഒന്നും രണ്ടും ഇനങ്ങൾ ചെയ്തതിനേക്കാൾ അധികം വീതിയിൽ മൂന്നാമിനം പ്രവൃത്തി ചെയ്യുവാൻ സാധിക്കില്ല എന്നതിനാൽ ഈയിനം അധികം ചെയ്തതായി കാണിച്ചിട്ടുള്ള 0.49m3ന് (26.63m3-26.14m3), 6541.68/m3 നിരക്കിൽ 3205/-രൂപ അധികം നൽകിയിട്ടുണ്ട്.

അതുപോലെ നാലാമിനം പ്രവൃത്തി സിമന്റ് കോൺക്രീറ്റിംഗ് 1:2:4 അനുപാതത്തിൽ, 0.05മീറ്റർ കനത്തിൽ

28.5x 3x 0.05 =4.275m3

43.35x 3x 0.05 =6.502m3

20.8x 3x 0.05 =3.12m3 ആകെ 13.897m3 ചെയ്തത് 13.835m3 ൽ പരിമിതപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഈയിനവും താഴെ ചേർക്കുന്നവിധം 13.07m3 മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

28x2.8 x0.05 = 3.92m3

61x 3x 0.05=9.15m3

നാലാമിനം പ്രവൃത്തിക്ക് 0.765m3ന്(13.835-13.07), 8008.03/m3 നിരക്കിൽ 6126രൂപ അധികം നൽകിയിട്ടുണ്ട്. ക്വാറി മക്ക് ഫില്ലിംഗ്, സെക്ഷനിംഗ് എന്നിവ ചെയ്തതിനേക്കാൾ കൂടുതൽ വീതിയിൽ കോൺക്രീറ്റിംഗ് ചെയ്തതിന് മേൽ സൂചിപ്പിച്ചവിധം അധികം നൽകിയ 9331/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (7/22.1.20) മറുപടി ലഭ്യമാക്കിയില്ല.

## 3-2 വൃദ്ധർക്ക് കട്ടിൽ വിതരണം - ഉയർന്ന ടെണ്ടർ സ്വീകരിച്ചതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം രൂ.234975/-

1.

| | |
|---|---|
| പ്രോജക്ട് | എസ് ടി വൃദ്ധർക്ക് കട്ടിൽ, – 24/19 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| ചെലവ് വിവരം | 60060/- ബിൽ നം.9/18-19,18.01.19 |

ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ആഞ്ഞിലി മരത്തിന്റെ കട്ടിൽ വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്തിൽ ആകെ ഏഴ് ടെണ്ടറുകൾ ലഭിച്ചതിൽ കൂടിയ നിരക്കിൽ ക്വാട്ട് ചെയ്ത ടെണ്ടർ ആണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചത്. ഒരു കട്ടിലിന് മോങ്കർബോക്സ് വൈറ്റില എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് 3085/-രൂപയും ചക്കാലയ്ക്കൽ ഫർണീച്ചർ 4290/-രൂപയുമാണ് ക്വാട്ട് ചെയ്തത്. എന്നാൽ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ചക്കാലയ്ക്കൽ ഫർണീച്ചർ എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങുകയാണ് ചെയ്തത്. ആയതിനാൽ മേൽ സ്ഥാപനത്തിന് അധിക തുക നൽകാനിടയായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിതരണം ചെയ്ത കട്ടിലുകളുടെ എണ്ണം | നൽകിയ തുക | നൽകാവുന്ന തക | അധികം നൽകിയ തുക |
|---|---|---|---|
| 14 | 14x4290=60060/- | 14x3085=43190/- | 16870/- |

2.

| | |
|---|---|
| പ്രോജക്ട് | എസ് സി വൃദ്ധർക്ക് കട്ടിൽ, – 23/19 |
| | |

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| ചെലവ് വിവരം | 1)171600/- ബിൽ നം.8/18-19,18.01.19<br>2)141570/- ബിൽ നം.17/18-19,11.03.19<br>ആകെ-313170/- |

ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ആഞ്ഞിലി മരത്തിന്റെ കട്ടിൽ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ചക്കാലയ്ക്കൽ ഫർണീച്ചർ എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങുകയാണ് ചെയ്തതിട്ടുള്ളത്. മേൽ സ്ഥാപനത്തിന് അധിക തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വിതരണം ചെയ്ത കട്ടിലുകളുടെ എണ്ണം | നൽകിയ തുക | നൽകാവുന്ന തക | അധികം നൽകിയ തുക |
|---|---|---|---|
| 73 | 73x4290=313170/- | 73x3085=225205/- | 87965/- |

3.

| | |
|---|---|
| പ്രോജക്ട് | വൃദ്ധർക്ക് കട്ടിൽ,<br>35/19 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |
| ചെലവ് വിവരം | 1)180180/- ബിൽ നം.6/18-19,23.01.19<br>2)141570/- ബിൽ നം.09/18-19,15.03.19<br>3)141570/- ബിൽ നം.11/18-19,17.03.19<br>ആകെ-463320/- |

ഗ്രാമപഞ്ചായത്തിലെ ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ആഞ്ഞിലി മരത്തിന്റെ കട്ടിൽ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ചക്കാലയ്ക്കൽ ഫർണീച്ചർ എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങുകയാണ് ചെയ്തതിട്ടുള്ളത്. മേൽ സ്ഥാപനത്തിന് അധിക തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വിതരണം ചെയ്ത കട്ടിലുകളുടെ എണ്ണം | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| 108 | 108x4290=463320/- | 108x3085=333180/- | 130140/- |

ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (19/25.01.20) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ പ്രകാരം അധികമായി നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്കിലെ അപാകത

കെ.എസ്.എ-ഇ.കെ.എം (പിജി)1227/(71)/2019/2.8.2019 നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 125600 | 84/19പാൽ ഇൻസെന്റീവ് | 125600 | 0 |
| | | 851100 | 34/19 സ്കോളർഷിപ്പ് | 851100 | 0 |
| | | 2700000 | 55/19 ലൈഫ് -ജനറൽ | 2180000 | 520000 |
| | | 600000 | 89/19 ലൈഫ് -എസ്.സി. | 340000 | 260000 |
| | | 255000 | 49/19നെൽകൃഷിവികസനം | 255000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1921500 | 55/19 ലൈഫ് -ജനറൽ | 1920000 | 1500 |
| | | 400000 | 84/19 പാൽ ഇൻസെന്റീവ് | 400000 | 0 |
| | | 100000 | 33/19അങ്കൻവാടി ന്യട്രീഷൻ | 100000 | 0 |
| | | 225000 | 34/19 സ്കോളർഷിപ്പ് | 225000 | 0 |
| | | 200000 | 19/19അങ്കൻവാടി സ്ഥലം വാങ്ങൽ | 0 | 200000 |
| | | 99075 | പി.എം.എ.വൈ.ലൈഫ് (പ്രോജക്ട് ഇല്ല) | 0 | 99075 |

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ ഫണ്ടിൽ നിന്നും ( OB788 + Current 2945575) ആകെ 2645000/- രൂപ ചെലവ് കഴിച്ച് 301363/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ മുൻവർഷം ലഭിച്ച തുകയിലെ 788/-രൂപയും ഉൾപ്പെടുന്നു.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| തൻവർഷം നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകിയിട്ടില്ല | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് (KURDFC) | GO(Ms)68/2018/LSGD/18.5.2018 | 10661895 | 0 | 0 | 0 | 10661895/- |
| ഇ.എം.എസ്. | GO(Rt)315/2010/LSGD/28.01.2010 | 17329500 | 997322 | 997322 | 0 | 0 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6193455/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 10908635/- |
| ആകെ | 17102090/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 17102090/- |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കവളങ്ങാട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.1348 | 11.10.2018 | 1വ്രഷം | 1904542 | 22179/11.10.18 |
| 2 | | 19.9.2018 | 1വ്രഷം | 4815357 | 21490/19.9.18 |
| 3 | | 31.1.2019 | 1വ്രഷം | 5191096 | 43044/31.1.19 |
| 4 | | 31.1.2019 | 1വ്രഷം | 2076438 | 43045/31.1.19 |
| 5 | | 31.1.2019 | 1വ്രഷം | 1038219 | 43046/31.1.19 |
| 6 | | 31.1.2019 | 1വ്രഷം | 1038219 | 43047/31.1.19 |
| 7 | | 31.1.2019 | 1വ്രഷം | 1038219 | 43048/31.1.19 |
| | | | ആകെ | 17102090 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1996-97 | 23 | 60/- | ശ്രീമതി.ശാന്ത, സെക്രട്ടറി | 118030100879/ 31.5.18 |
| 1996-97 | 24 | 538/- | ശ്രീമതി.ശാന്ത, സെക്രട്ടറി | 118030100880/ 31.5.18 |
| | | | | |

| | | | | |
|---|---|---|---|---|
| 1996-97 | 26 | 60/- | ശ്രീ.എം.പി.ജോസ്, സെക്രട്ടറി | 118030100881/ 31.5.18 |
| 1996-97 | 3 എ.1 | 70/- | ശ്രീ.എം.പി.ജോസ്, സെക്രട്ടറി | 118030100882/ 31.5.18 |
| 1996-97 | 3 എ.2 | 40/- | ശ്രീ.എം.പി.ജോസ്, സെക്രട്ടറി | 118030100883/ 31.5.18 |
| 1996-97 | 3 ബി | 200/- | ശ്രീ.എം.പി.ജോസ്, സെക്രട്ടറി | 118030100884/ 31.5.18 |
| 1996-97 | 28 | 263/- | ശ്രീ.എം.പി.ജോസ്, സെക്രട്ടറി | 118030100885/ 31.5.18 |
| 1996-97 | 29 | 264/- | ശ്രീ.എം.പി.ജോസ്, സെക്രട്ടറി | 118030100886/ 31.5.18 |
| 1996-97 | 30 | 255/- | ശ്രീ.എം.പി.ജോസ്, സെക്രട്ടറി | 118030100887/ 31.5.18 |
| 1996-97 | 31 | 255/- | ശ്രീ.എം.പി.ജോസ്, സെക്രട്ടറി | 118030100888/ 31.5.18 |
| 2011-12, 2012-13 | 3.2 | 5600/- | പി.കെ. പ്രസന്നകുമാരൻ നായർ | 118030101695/ 7.7.18 |
| ആകെ | | 7605/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

കവളങ്ങാട് പഞ്ചായത്തിനെ സംബന്ധിച്ച് സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 to 2000-01 | 40 | 2005-06 | II 7(41)(i) | റോഡ് പണിയിൽ ലഭിച്ച മണ്ണ്, പാറ എന്നിവയുടെ വിനിയോഗ വിവരമില്ലാത്തതിനാൽ ചെലവ് നിരാകരിച്ചത് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 39.4(7) | വൈദ്യുതി ലൈൻ നീട്ടൽ ഡെപ്പോസിറ്റ് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 39.4(8) | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 49.1 | ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ജലസേചന | സമിതി തീർപ്പാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | കിണറിന് സബ്സിഡി നൽകി | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95236075 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 91379787 |
| വരവിനങ്ങളിലുള്ള നഷ്ടം | 4786 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 244306 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 919175 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 4051 | | റീന വർഗ്ഗീസ്, സെക്രട്ടറി |
| | 735 | | ഷാജിമോൻകാവോ, സെക്രട്ടറി |
| 3-1 | | 9331 | ലാലു.ഇ.ബി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 104835 | റീന വർഗ്ഗീസ്, അസി. സെക്രട്ടറി |
| | | 130140 | സൈനബ സി.എം.,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 4786 | 244306 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 230000 | ഡോ.ലൂസിന, മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| 1-19 | 22200 | ശ്രീമതി.വത്സല.പി.കെ, ഹെഡ് മിസ്ട്രസ് |
| 1-20 | 666975 | റീന വർഗ്ഗീസ്, സെക്രട്ടറി |
| ആകെ | 919175 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഖണ്ഡിക 1-24 – രൂ. 3903/-

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ലാലു.ഇ.ബി<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കവളങ്ങാട് | പക്കാട്ടു ഹൗസ്<br>ചെറുവത്തൂർ പി.ഒ<br>കോതമംഗലം |
| റീന വർഗ്ഗീസ്<br>അസി. സെക്രട്ടറി | ലഭ്യമാക്കിയില്ല | മണ്ഡപത്തിൽഹൗസ്,<br>അതിരമ്പുഴ.പി.ഓ, കോട്ടയം |
| ഷാജിമോൻ കാവു<br>സെക്രട്ടറി | ലഭ്യമാക്കിയില്ല | പഴമ്പിള്ളിൽഹൗസ്,<br>മരട്.പി.ഓ., എറണാകുളം |
| ശ്രീമതി.വത്സല.പി.കെ<br>ഹെഡ് മിസ്ട്രസ് | ജി.യു.പി.എസ് കവളങ്ങാട് | കല്ലേപ്പിള്ളിൽ<br>കുത്തുകുഴി.പി.ഓ.<br>കോതമംഗലം |
| ഡോ.ലൂസിന<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>കവളങ്ങാട് | ത്ലായിക്കാട്ട് ഹൗസ്<br>കൊടാലിപ്പടി.പി.ഒ., തൃശ്ശൂർ |
| ശ്രീമതി.സൈനബ<br>സി.എം. | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ,<br>കവളങ്ങാട് ഗ്രാമപഞ്ചായത്ത് | തേലമ്പുറത്ത് ഹൗസ്,<br>നെല്ലിമറ്റം. പി.ഒ.,<br>കോതമംഗലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി1)948/99, 07/09/1999 |
| | |

| | |
|---|---|
| 1997-98 മുതൽ 2001-02വരെ (പദ്ധതി വിഹിതം) | എൽ.എഫ്.ഇ.(പി1)943/04, 01/02/2005 |
| 1997-98 | എൽ.എഫ്.ഇ.(പി7)2076/07, 04/11/2009 |
| 1998-99 | എൽ.എഫ്.ഇ.(പി7)2077/07, 04/11/2009 |
| 1999-2000 | എൽ.എഫ്.ഇ.(പി7)2078/07, 04/11/2009 |
| 2000-2001 | എൽ.എഫ്.ഇ.(പി7)2079/07, 04/11/2009 |
| 2001-02 | എൽഎഫ്.ഇ.(പി1)301/04, 04/06/2004 |
| 2002-03 | എൽ.എഫ്.ഇ.(പി7)1448/05, 30/11/2006 |
| 2003-04 | എൽ.എഫ്.ഇ.(പി7)260/07 , 14/02/2007 |
| 2004-05 | എൽ.എഫ്.ഇ.(പി7)465/11, 14/02/2007 |
| 2005-06 | എൽ.എഫ്.ഇ.(പി7) 466/11, 14/02/2007 |
| 2006-07 | എൽ.എഫ്.ഇ.(പി7)467/11, 14/02/2007 |
| 2007-08 | എൽ.എഫ്.ഇ.(പി7)468/11, 14/02/2007 |
| 2008-09 മുതൽ 2010-11വരെ | എൽ.എഫ്.ഇ.(പി7)179/13 , 14/02/2013 |
| 2011-12 മുതൽ 2012-13വരെ | എൽ.എഫ്.ഇ.(പി7)1377/2014,10/10/2014 |
| 2013-14 മുതൽ 2014-15 വരെ | കെ.എസ്.എ-ഇ.കെ.എം (പി7) -972/2016, 22.06.2016/7.7.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി7) -2241/2016/02.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി7) 2027/2017/30.11.17/19.12.17 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി7) /2341/18/22.3.19 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**എറണാകുളം**

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19**സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ **2018-19**സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1.വാർഷിക കണക്കുകളൊടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ബി- 9 ഷെഡ്യൂളിൽ 350410101 പ്രകാരം ഉള്ള റസിഡൻഷ്യൽ ബിൽഡിങ്ങുകളുടെ അഡ്വാൻസ് കളക്ഷൻ തുക (1355/-) ആർ.പി. 36 പ്രകാരമുള്ള തുകയുമായി ( 1445/-) പൊരുത്തപ്പെടുന്നില്ല.

3. ബി-9 ഷെഡ്യൂളിലെ താഴെ ചേർക്കുന്ന നീക്കിയിരുപ്പുകളുടെ വിശദവിവരം ലഭ്യമല്ല

| Code No. | Particulars | Amount |
|---|---|---|
| 350200201 | IT Deduction at source | 188159 |
| 350200201 | Value added Tax | 646949 |
| 350200203 | KCWWF | 5696 |
| 350300103 | Value added Tax | 67346 |
| 350300107 | River management Fund | 468012 |
| 350300108 | Royalty | 60750 |
| 350300199 | Dues to government | 330656 |
| 350400299 | Refunds payable | 22500 |
| 350409901 | Refunds payable Others | 339605 |
| | | |

| | | |
|---|---|---|
| 350800299 | Other liabilities | 1228069 |

4. ബി-9 ഷെഡ്യൂളിൽ 350410104 പ്രകാരം ഉള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക (50985/-) ബിൽ രജിസ്റ്ററിലെ തുകയുമായി (47850/-) പൊരുത്തപ്പെടുന്നില്ല
5. എസ്.സി.ബി അക്കൗണ്ട് 0101001869 (കോഡ് 450230101) 31.03.2019 ൽ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly credited by bank എന്ന ഇനത്തിൽ 59808/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദ വിവരം ലഭ്യമല്ല.
6. എസ്.ബി.ഐ. അക്കൗണ്ട് നം. 10615133031 (കോഡ് 450610102) ൽ ട്രൈബൽ സബ് പ്ലാൻ ഫണ്ട് 10059/- രൂപ നീക്കിയിരുപ്പുണ്ട്. ഈ തുകകളുടെ വിശദവിവരം ലഭ്യമല്ല.
7. വസ്തു നികുതി (റസിഡൻഷ്യൽ & നൺ റസിഡൻഷ്യൽ) കുടിശ്ശിക ഡിമാന്റ് 2017-18 വാർഷികകണക്കിലെ തുകയും സഞ്ചയയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
8. വാർഷികക്കണക്കിലെ വസ്തു നികുതി (റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ) കറണ്ട് നീക്കിയിരുപ്പ് തുകയും സഞ്ചയയിലെ നീക്കിയിരുപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
9. വസ്തു നികുതി (റസിഡൻഷ്യൽ) 2017-18 വാർഷികകണക്കിൽ 7451/- രൂപ മുൻകൂർ വരവ് ഉണ്ട്. എന്നാൽ ഈ തുക 2018-19 ലെ സഞ്ചയ കണക്കിൽ തൻവർഷ വരവിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.
10. ബി-18 ഷെഡ്യൂളിൽ 3000/- രൂപ ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ ലഭിക്കുവാനുണ്ട്. എന്നാൽ ഇതിന്റെ വിശദവിവരം ലഭ്യമല്ല.
11. ബി-18 ഷെഡ്യൂളിൽ 460509901 പ്രകാരം Advance to others എന്നയിനത്തിൽ 877500/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദവിവരം ലഭ്യമല്ല.
12. ഐ-18 ഷെഡ്യൂളിൽ വസ്തു നികുതിയിനത്തിൽ പ്രയർ പിരീഡ് ഇൻകം ക്രമീകരിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഈ തുകകളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ ലഭ്യമല്ല.
13. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി കാണുന്നില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Kavalangad Grama Panchayat** in Ernakulam District for the year ended on 31.03.2019 in accordance with Section ‘ 4’ of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of **Kavalangad Grama Panchayat** for the year 2018-19 subject to the observations in Annexure II, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

**Defects Identified on Verification of Annual Financial Statement for the year 2018-19**

1. Notes on Accounting Policy and Basic Ratios are not included in the Annual Financial Statement.
2. The advance collection amount of Property Tax Residential Building (350410101) in schedule B-9 (Rs. 1355/-) does not tally with the amount in RP-36 (Rs. 1445/-)
3. The details of the closing balance of the following items vide schedule B.9 are not furnished.

| Code No. | Particulars | Amount |
|---|---|---|
| 350200201 | IT Deduction at source | 188159 |
| 350200201 | Value added Tax | 646949 |
| 350200203 | KCWWF | 5696 |
| 350300103 | Value added Tax | 67346 |
| 350300107 | River management Fund | 468012 |
| 350300108 | Royalty | 60750 |
| 350300199 | Dues to government | 330656 |
| 350400299 | Refunds payable | 22500 |
| 350409901 | Refunds payable Others | 339605 |
| 350800299 | Other liabilities | 1228069 |

4. The Pension contribution ( 350410104) amount vide schedule B.9 (Rs. 50985/-) does not correspond with the amount as per Bill Register (Rs.47850/-)
5. In the bank reconciliation statement an amount of Rs.59808/- has recorded as 'Directly credited by Bank' in the SBI A/c 0101001869 (Code 450230101). Its details are not furnished.
6. The balance amount in the SBI A/c No.10615133031 (Code 450610102 Tribal sub Plan Fund) is Rs.10059/-. The details regarding this amount has not explained.
7. The Accounts of Property Tax in AFS differs with Sanchaya Accounts.
8. The balance outstanding in the property tax of (residential and non residential) current is not in tally with the Sanchaya accounts.
9. An advance amount of Rs.7451/- was collected as property Tax( residential) during the year 2017-18.This amount has not included in the 2018-19 Sanchaya accounts.
10. An amount of Rs.3000/- is found as outstanding balance of Festival advance vide schedule B-18, but the details of this did not furnish for verification.
11. The balance amount vide schedule B.18 in the item 'advance to others' ( 460509901) is Rs.877500/-. The details of this amount is not furnished.

12. Prior period Income of Property tax is adjusted vide schedule I.18. But the authority for the adjustment is not produced.
13. The landed assets are neither completely included in the Asset Register nor reconciled with the AFS

**DEPUTY DIRECTOR**